ആവശ്യവുമായി ബന്ധപ്പെട്ട് ഞാനും നഗര വികസന വകുപ്പുമന്ത്രിയും ഗ്രാമവികസന വകുപ്പുമന്ത്രിയുമടക്കം അതിനുവേണ്ടി ഒരു ഫയൽ ഉറക്കുകയും അതിപ്പോൾ ക്യാബിനറ്റിന്റെ പരിഗണനയിലുമാണ്. മുഖ്യമന്ത്രിയടക്കമുള്ളവർ അതിന് അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. നമ്മുടെ സാമ്പത്തിക സ്ഥിതികൂടി പരിശോധിച്ച്, എത്രയും പെട്ടെന്ന് ഈ പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(37) കെട്ടിട നമ്പരും കൈവശാവകാശ സർട്ടിഫിക്കറ്റും ലഭ്യമാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ബിൽഡിംഗ് പെർമിറ്റിന് വിധേയമായി നിർമ്മാണം പൂർത്തിയാക്കിയ നിരവധി കേസ്സുകളിൽ മറ്റ് പല കാരണങ്ങൾ ചൂണ്ടിക്കാണിച്ച് കെട്ടിട നമ്പരും ഒക്യുപൻസിയും നൽകാത്ത സാഹചര്യം നിലവിലുണ്ട്. ഇതുമൂലം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ഉടമകൾക്ക് വീടുകളാണെങ്കിൽ അതിൽ താമസിക്കുന്നതിനോ, അല്ലെങ്കിൽ കച്ചവട സ്ഥാപനങ്ങളാണെങ്കിൽ കച്ചവടം ആരംഭിക്കുന്നതിനോ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കുവാൻ, നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും അവർ നൽകിയ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പരും ഒക്യുപെൻസിയും നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിലെ ആർ.ബി. സെക്ഷനിലെ 27-9-2014-ലെ 167/2014 നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പണിതതിനുശേഷം ക്രമക്കേടോ ചട്ടലംഘനമോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റിന് അപേക്ഷ നൽകിയവർക്കല്ല, മറിച്ച് അവിടത്തെ ഉദ്യോഗസ്ഥർക്കാണ്. അതുകൊണ്ട് ആ ഉദ്യോഗസ്ഥരിൽനിന്നും ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആ നഷ്ടം ഈടാക്കണം. കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിന് നഗരസഭകൾക്ക് അന്നൊരു പെർമിഷൻ കൊടുത്തു. എന്നാൽ സാധാരണക്കാരായ കൂടുതൽ ആളുകൾ താമസിക്കുന്ന പഞ്ചായത്തുകളിൽ ഇതിനാവശ്യമായ ഉത്തരവ് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതും എന്നാൽ മറ്റ് പല കാരണങ്ങൾ ചൂണ്ടിക്കാട്ടി കെട്ടിട നമ്പരും ഒക്യുപെൻസിയും നൽകാത്തതുമായ കെട്ടിടങ്ങൾക്ക് ഇത് ലഭിക്കുവാനാവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, നഗരസഭ നൽകിയ പെർമിറ്റിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ

LIBRARY ARCHIVES Kerala Legislative Assembly

ചട്ടലംഘനമോ കണ്ടെത്തുകയും അതിലൂടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ബോധ്യമാവുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്ക് നൽകുകയും അവരിൽ നിന്നും സാമ്പത്തിക നഷ്ടം ഈടാക്കുകയും നഗരസഭ നൽകിയ പെർമിറ്റ് പ്രകാരമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ പ്രസ്തുത കെട്ടിടത്തിന് നിബന്ധനകൾക്ക് വിധേയമായി ഒക്യുപെൻസി നൽകാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 167/2014 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ ഇത്തരം ഒരു ഉത്തരവ് ഗ്രാമപഞ്ചായത്തുകൾക്ക് ഇതുവരെ ബാധകമാക്കിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ഈ വിഷയം ഉന്നയിച്ച സാഹചര്യത്തിൽ ഇത് പരിഗണിച്ച് നഗരസഭകൾക്ക് നൽകിയ പെർമിറ്റിനനുസൃതമായി ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഒക്യുപെൻസി നൽകുന്നതിന് അനുകൂലമായി ഉത്തരവ് ഇറക്കുന്നതാണെന്ന് അറിയിക്കുന്നു.

(38) ഗുരുവായൂർ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഒരു വർഷം മൂന്ന് കോടിയോളം തീർത്ഥാടകർ വരുന്ന ഒരു നഗരമാണ് ഗുരുവായൂർ. ഗുരുവായൂരിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പ്രത്യേക പദ്ധതികൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി അത്തരമൊരു പ്രഖ്യാപനത്തിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന ആവശ്യമാണ് എനിക്ക് പറയാനുള്ളത്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ എത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ക്ഷേത്രത്തിന്റെ കിഴക്കെ നടയിൽ നൂറ് കോടി രൂപ ചെലവഴിച്ച് ഒരു കൃ കോംപ്ലക്സും 25 ലക്ഷം രൂപ ചെലവഴിച്ച് ഒരു മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനവും ഒരുക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും അത് സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാർ അടുത്തിടെ പ്രഖ്യാപിച്ച 'പ്രസാദ്' സ്കീമിൽ കേരളത്തിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് സമർപ്പിച്ച പട്ടികയിൽ ഗുരുവായൂർ ക്ഷേത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിന്റെ 100 മീറ്റർ ചുറ്റളവിൽ ക്ഷേത്ര

LIBRARY ARCHIVES Kerala Legislative Assembly